പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1298 03/12/2015 ൽ മറുപടിക്ക്

## ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്- 1 - ന്റെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്- 1 ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താൻ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്- 1 തസ്തികയിൽ 13 ഒഴിവുകൾ ഉണ്ട്. ആയത് നികത്തുന്നതിന് പ്രൊമോഷൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഹെഡ് ഡ്രാഫ്റ്റ്സ്മാന്റെ അനുവദനീയമായ തസ്തികകൾ എത്രയാണെന്നും പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടിയും വിശദമാക്കുമോ; | (ബി) ഹെഡ് ഡ്രാഫ്റ്റ്സ്മാന്റെ 138 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ 1 ഒഴിവ് നിലവിൽ ഉണ്ട്. ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ പ്രൊമോഷൻ പൂർത്തിയാകുന്ന മുറയ്ക്ക് ഹെഡ് ഡ്രാഫ്റ്റ്സ്മാന്റെ പ്രൊമോഷൻ നടത്തുന്നതാണ്. |
| (സി) ടെക്നിക്കൽ അസിസ്റ്റന്റിന്റെ അനുവദനീയമായ തസ്തികകൾ എത്രയെന്നും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ? | (സി) ടെക്നിക്കൽ അസിസ്റ്റന്റിന്റെ 19 തസ്തികകൾ സർവ്വെ വകുപ്പിൽ ഉണ്ട്. ആയതിൽ 4 ഒഴിവുകൾ നിലവിലുണ്ട്. 13/10/2015 ൽ ടി ഒഴിവുകൾ നികത്തുന്നതിനായി DPC (L) കൂടുകയും 7 പേരെ ഉൾപ്പെടുത്തി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിനായി 2015 വർഷത്തേയ്ക്കുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. സെലക്ട് ലിസ്റ്റ് ഗസറ്റ് നോട്ടിഫിക്കേഷനായി പ്രസിദ്ധീകരിച്ച ശേഷം സ്ഥാനക്കയറ്റം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ